




മെക്സിക്കൻ കടലിടുക്കിൽ ബ്രിട്ടീഷ് പെട്രോളിയം വരുത്തിയ അപകടത്തിന് നഷ്ടപരിഹാരമായി 90000 കോടി രൂപ മുൻകൂറായി കെട്ടിവക്കണമെന്ന് അമേരിക്കൻ സർക്കാർ കമ്പനിയോട് ആവശ്യപ്പെട്ടിരിക്കുന്നു. ആ സാഹചര്യത്തിൽ പ്ലാച്ചിമടയിലെ ദരിദ്രരാക്കപ്പെട്ട ജനങ്ങൾ കോളാ കമ്പനിയോടു സൗജന്യം കാണിക്കണമെന്ന തരത്തിൽ വ്യവസായവകുപ്പ് സെക്രട്ടറി പറയുന്നത് അസ്വീകാര്യമാണ്. ഭോപാലിന് സംഭവിച്ചത് ആവർത്തിക്കാത്ത വിധത്തിൽ ട്രിബ്യൂണലിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ട നീക്കം സർക്കാർ നടത്തണമെന്ന് പ്ലാച്ചിമട ആവശ്യപ്പെടുന്നു

## പ്ലാച്ചിമട

# നഷ്ടപരിഹാരം യാഥാർത്ഥ്യമാകുമോ?

എസ്. ഫെയ്സി

പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി നടത്തിവന്നിരുന്ന കടുത്ത ജലചൂഷണവും പരിസരമലിനീകരണവും ഇന്ന് പൊതുജനത്തിന് പുതിയ അറിവല്ല. എന്നാൽ ശാസ്ത്രീയമായ വിവരങ്ങൾ പരിശോധിച്ച് കൊക്കകോളയെ പ്രതികൂട്ടിൽ നിർത്തുന്ന റിപ്പോർട്ട് സമഗ്രമായി വന്നത് സർക്കാർ നിയോഗിച്ച കെ. ജയകുമാർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ കണ്ടെത്തലിലൂടെയാണ്. റിപ്പോർട്ടിനെതിരെ വ്യവസായവകുപ്പ് സെക്രട്ടറിതന്നെ നീരസം പ്രകടിപ്പിച്ചെങ്കിലും സർക്കാർ നിയോഗിച്ച സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കോളകമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ വേണ്ടിയുള്ള ട്രൈബ്യൂണൽ രൂപീകരിക്കാൻ കേരളനിയമസഭ തീരുമാനിച്ചു കഴിഞ്ഞു. ഏറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ടെന്നിരിക്കെ സമിതി കണ്ടെത്തിയ വിവരങ്ങൾ പലതും കോളകമ്പനിക്കെതിരായ സമരത്തിന് കരുത്ത് പകരുന്നതാണ്.

മുൻകാലങ്ങളിൽ വിവിധ ഏജൻസികളും അക്കാദമിക് സ്ഥാപനങ്ങളും നടത്തിയ ആധികാരിക പഠനങ്ങളിൽ നിന്നും സമിതി ശേഖരിച്ച ശാസ്ത്രീയ വിവരങ്ങൾ പ്രകാരം കൊക്കോക്കോള കമ്പനി പ്ലാച്ചിമടിയിൽ ഗുരുതരമായ ജലശേഷണവും ജല-മണ്ണ് മലിനീകരണവും തജ്ജന്യമായ ആരോഗ്യ, കാർഷിക, സാമ്പത്തിക പ്രശ്നങ്ങളും സൃഷ്ടിച്ചതായാണ് തെളിഞ്ഞത്.

**ജലശോഷണം:**

കോള പ്ലാന്റ് തുടങ്ങി ഒന്നര വർഷം കഴിഞ്ഞപ്പോൾ ഭൂഗർഭജലം (ഉപരിതലത്തിൽ നിന്നും) 10.6–12 മീറ്റർ താഴ്ന്നതായി ഭൂജല വകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു. 2002 ഡിസംബറിലെ കാര്യമാണിത്. പ്ലാന്റിന്റെ സ്വാധീനമേഖലയിൽ നിന്നും അകന്ന പ്രദേശങ്ങളിൽ 4–6 മീറ്റർ വരെ ഭൂഗർഭജലം ഉണ്ടായിരുന്നപ്പോഴാണിത്. 2003 മെയ് ആയപ്പോൾ സാമാന്യം മഴയുണ്ടായിരുന്നിട്ടു കൂടി, ജലനിരപ്പ് 11.4–13 മീറ്ററായി വീണ്ടും താഴ്ന്നു. ചിറ്റൂർ ബ്ലോക്കിലെ പൊതുസ്വഭാവം ഇതിൽ നിന്നും വ്യത്യസ്തമായിരുന്നു. 2004 മാർച്ചിൽ പ്ലാന്റ് പ്രവർത്തനം നിർത്തിയശേഷം ജലനിരപ്പ് സാവധാനം ഉയരുന്നതായിട്ടാണ് കണ്ടത്. 2004, 2006 മെയ് മാസങ്ങളിൽ ക്രമേണയുള്ള ഈ ഉയർച്ച കാണുകയുണ്ടായി. കമ്പനിയുടെ ജലമൂറ്റ് നിർത്തിയപ്പോൾ ജലശോഷണം അവസാനിക്കുകയും ക്രമേണ ജലനിരപ്പ് ഉയരാൻ തുടങ്ങുകയും ചെയ്തു.

ജലദൗർലഭ്യമേഖലയായ പ്ലാച്ചിമടയിൽ വ്യാവസായികാവശ്യത്തിന്, വിശേഷിച്ചും ജലം അസംസ്കൃതവസ്തുവായ വ്യവസായത്തിന്, ഉപയോഗിക്കാൻ വേണ്ടി ജലം അല്പം പോലും ഇല്ലായിരുന്നു എന്നതാണ് വസ്തുത. ഇവിടെ മഴവെള്ളം റീച്ചാർജ്ജ് ചെയ്യപ്പെടുന്നതിന്റെ പരമാവധിയായ 8 ശതമാനം എന്ന തോതെടുത്താൽ തന്നെ പ്ലാച്ചിമടയിൽ ലഭ്യമായ ജലം 3.105 ദശലക്ഷം കുബിക് മീറ്റർ (എം.സിഎം) ആണ്. വീട്ടാവശ്യം, വളർത്തു മൃഗങ്ങൾ, കൃഷി എന്നീ മുൻഗണനയുള്ള ജലഉപയോഗങ്ങളുടെ കണക്കെടുത്താൽ തന്നെ പ്ലാച്ചിമടയിൽ 0.1168 എം.സി.എം. ജലം കമ്മിയാണ്. അതിനർത്ഥം ഏറ്റവും കുറഞ്ഞ കണക്കനുസരിച്ച് കോളകമ്പനി ഒരു വർഷം ഉപയോഗിച്ചിരുന്ന 0.1825 എം.സിഎംജലം ജനങ്ങളുടെ ആവശ്യത്തിനുള്ള ദുർലഭമായ ജലമായിരുന്നു എന്നത് അസ്വസ്ഥതയുണ്ടാക്കുന്ന കാര്യമാണ്. പ്ലാച്ചിമടയിലെ ജലദുരന്തത്തിന്റെ അടിസ്ഥാനകാരണവും ഇതായിരുന്നു.

**മാരകമായ മലിനീകരണം:**

ഫാക്ടറി പുറത്തേക്കുവിട്ട ഖരമാലിന്യത്തിൽ അടങ്ങിയ മാരകമായ കാ




## ഇപ്പോഴത്തെ സ്ഥിതി

കൊക്കകോള ഫാക്ടറിക്കെതിരെ ജനങ്ങളും സമര ഐക്യദാർഢ്യ സമിതികളും നടത്തിയ സമരത്തെ തുടർന്ന് കേരളാ സർക്കാർ നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

കഴിഞ്ഞ ജൂൺ 30ന് ചേർന്ന ക്യാബിനറ്റ് യോഗത്തിലാണ് നഷ്ടപരിഹാരത്തുക നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ട ഉത്തരവാദിത്തം ഒരു വിശ്വസ്ത നിയമഏജൻസിയെ ഏൽപിക്കണമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് വ്യവസായമലിനീകരണത്തിനിരയായ ജനതയ്ക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നത്. വ്യവസായവകുപ്പിൽ നിന്നും ക്യാബിനറ്റിൽ നിന്നുമുള്ള എതിർപ്പുകളെ അവഗണിച്ച് പ്ലാച്ചിമടയിലെ ജനങ്ങൾക്ക് നഷ്ടപരിഹാരം എന്ന തീരുമാനവുമായി മുന്നോട്ടുപോകാൻ മുഖ്യമന്ത്രി ഇച്ഛാശക്തി കാണിച്ചു.

ഭൂഗർഭജലവകുപ്പിന്റെ ശുപാർശയിൽ ഗവൺമെന്റ് തന്നെ 2009 മേയിൽ നിയമിച്ച 13-അംഗ ഉന്നതാധികാരസമിതിയുടെ വിശദമായ റിപ്പോർട്ടാണ് ഇക്കാര്യത്തിൽ ഗവൺമെന്റിന് വഴികാട്ടിയായത്. നിയമസഭാസമിതി, സുപ്രീം കോടതി നിരീക്ഷണസമിതി, വിവിധ ശാസ്ത്രീയ സ്ഥാപനങ്ങൾ, മനുഷ്യാവകാശസംഘടനകൾ, ബന്ധപ്പെട്ട വ്യക്തികൾ എന്നിവർ നടത്തിയ വിശദപഠനത്തിൽ നിന്ന് വ്യക്തമായ തെളിവുകളാണ് ലഭിച്ചതെന്ന് ഈ റിപ്പോർട്ട് പറയുന്നു. മാരകവിഷാംശം അടങ്ങിയ ലോഹാവശിഷ്ടങ്ങൾ പ്ലാച്ചിമടയിലെ മണ്ണും ജലവും മലിനമാക്കിയതും കമ്പനിയുടെ അമിതജലോപയോഗം ഗ്രാമത്തിലെ ജലസ്രോതസുകൾ നശിപ്പിച്ചതും കൃഷിനാശത്തിലൂടെ നാട്ടുകാരുടെ വരുമാനമില്ലാതാക്കിയതും അവരെ രോഗികളാക്കിയതുമുൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾക്ക് കൃത്യമായ തെളിവുകൾ നിലനിൽക്കെ ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്നത് പകൽ പോലെ വ്യക്തമാണ്. ഇപ്രകാരം കൊക്കകോള കമ്പനി വരുത്തിവെച്ച നഷ്ടങ്ങൾക്ക് ആകെ ഈടാക്കേണ്ട തുകയായി കമ്പനി നിർദ്ദേശിച്ചത് 216.26 കോടി രൂപയാണ്. എന്നാൽ പൂർണ്ണമായും ജനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരമായി ഇതിനെ കണക്കാക്കാനാവില്ലെന്നും ഒരു വിദഗ്ദ്ധനിയമഅതോറിറ്റിക്കു മാത്രമേ കൃത്യമായി തുക കണക്കാക്കാനാകൂ എന്നും റിപ്പോർട്ടിൽ ഇവർ വ്യക്തമാക്കുന്നു. എന്നാൽ ഈ നഷ്ടപരിഹാരം നൽകി കൈ കഴുകാൻ കമ്പനിക്കാകില്ല. കാരണം ജലവിനിയോഗ നിയന്ത്രണനിയമം (1974), പരിസ്ഥിതി സംരക്ഷണനിയമം (1986), ഫാക്ടറി നിയമം (1948), മാരകമാലിന്യ നിർമ്മാർജ്ജന നിയമം(1989), പട്ടികജാതി-പട്ടികവർഗ്ഗ ചൂഷണനിയന്ത്രണനിയമം(1989), ഇന്ത്യൻ ഈസ്മെന്റ് ആക്റ്റ് (1882), കേരളാ ഭൂഗർഭജല വിനിയോഗനിയന്ത്രണ നിയമം (2002), കേരളാ ഭൂവിനിയോഗ ഓർഡർ എന്നിങ്ങനെ നിരവധി നിയമങ്ങളുടെ ലംഘനത്തിനും കമ്പനി മറുപടി പറയേണ്ടിയിരിക്കുന്നു.

നഷ്ടപരിഹാരം നിർണ്ണയിക്കാൻ ഉന്നതാധികാരസമിതി രണ്ട് നിർദ്ദേശങ്ങളാണ് മുന്നോട്ടുവെച്ചത്. അതിലൊന്നാണ് കേരളാ സർക്കാർ സ്വീകരിച്ച നഷ്ടപരിഹാരട്രിബ്യൂണൽ രൂപീകരിക്കാനുള്ള നിർദ്ദേശം. മറ്റൊന്ന് കേന്ദ്രഗവൺമെന്റിനെ സമീപിക്കുക എന്നതാണ്. പരിസ്ഥിതി സംരക്ഷണ നിയമത്തിലെ സെക്ഷൻ 3(3) പ്രകാരം ഒരു റിട്ട. ഹൈക്കോർട്ട് ജഡ്ജി അധ്യക്ഷനായ അതോറിറ്റിയാണ് ഇവിടെ നഷ്ടപരിഹാരം കണക്കാക്കേണ്ടത്.

സ്വാഭാവികമായും ഗവൺമെന്റിന്റെ തീരുമാനത്തോട് കടുത്ത പ്രതിഷേധമാണ് കമ്പനി പ്രകടിപ്പിച്ചിരിക്കുന്നത്. തീരുമാനം മുൻവിധി പ്രകാരവും കൃത്യമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതുമാണെന്ന് ഇവർ ആരോപിക്കുന്നു. ഒപ്പം പ്ലാച്ചിമടയിലെ നഷ്ടങ്ങൾക്കുത്തരവാദി ആരാണെന്ന് കണ്ടെത്തുകയും അവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുകയുമാണ് ഗവൺമെന്റ് ചെയ്യേണ്ടതെന്ന് പറഞ്ഞ് കൊക്കകോള വീണ്ടും ആട്ടിൻതോലെടുത്തണിയുകയും ചെയ്യുന്നു.

ട്രിബ്യൂണൽ രൂപീകരിക്കാനുള്ള നിയമം/ഓർഡിനൻസ് പാസാക്കാൻ ഗവൺമെന്റ് എത്ര കാലതാമസമെടുക്കുന്നു എന്നതാണ് ഇനി നോക്കേണ്ടത്. എന്നാൽ മുൻപും ട്രിബ്യൂണലിന്റെ നടപടികളോട് സഹകരിക്കാത്ത കമ്പനി ഇപ്പോൾ ഗവൺമെന്റിനെതിരെ കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്. അതുകൊണ്ടു തന്നെ സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളും പ്ലാച്ചിമടയുടെ കാര്യത്തിൽ നിർണ്ണായകമാകും.

ഡ്മിയവും ലെഡും പ്ലാച്ചിമടയിലെ ദുരന്തം സങ്കീർണ്ണമാക്കി. കേന്ദ്രമലിനീകരണനിയന്ത്രണ ബോർഡ് അതിൽ കണ്ടത് 333.8മി.ഗ്രാം/കി.ഗ്രാം കാഡ്മിയമാണ്. അനുവദനീയമായതിൽ ആറിരട്ടികൂടുതൽ. ബിബിസിക്കു വേണ്ടി എക്സീറ്റർ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ കണ്ടതിലും മൂന്നിരട്ടി. ലെഡിന്റെ അളവ് ഖരമാലിന്യത്തിൽ അനുവദിക്കാവുന്നതിൽ കുറവായിരുന്നെങ്കിലും വളത്തിൽ ആകാവുന്നതിൽ വളരെ കൂടുതലായിരുന്നു. നാലുവർഷം കൊണ്ട് കോളകമ്പനി 67.76 കിഗ്രാം.കാഡ്മിയവും 220 കി.ഗ്രാം ലെഡും പ്ലാച്ചിമടയിൽ നിക്ഷേപിച്ചതായി സമിതി കണ്ടെത്തി. മാരകമായ മാലിന്യം വളമായി തെറ്റിദ്ധരിപ്പിച്ച് ജനങ്ങൾക്കു കൊടുക്കുക വഴി പ്ലാച്ചിമടയിലെ മണ്ണും ജലവും കോളകമ്പനി വിഷമയമാക്കി. മണ്ണിൽനിന്നും മഴവെള്ളം വഴി ഭൂഗർഭജലത്തിൽ വളരെ വേഗം എത്തുന്നതാണ് ഈ വിഷലോഹങ്ങൾ. കമ്പനിയോടു ചേർന്നുള്ള പഞ്ചായത്തുകിണറിൽ കാഡ്മിയം അനുവദനീയമായതിലും ഇരട്ടിയാണ് കണ്ടത്. കാർഷികസർവ്വകലാശാല നടത്തിയ പഠനത്തിൽ വിഷലോഹങ്ങളുടെ സാന്നിദ്ധ്യം പുല്ലിലും വളത്തുമൃഗങ്ങളുടെ മാസത്തിലും പാലിലും മറ്റും എത്തിയതായി കണ്ടിരുന്നു. കാഡ്മിയവും ലെഡും കണ്ടെത്തും മുമ്പുതന്നെ നടത്തിയ ജലപരിശോധനയിൽ ക്ലോറൈഡും കടുപ്പവും കൂടിയ അളവിൽ കണ്ടതിനെ തുടർന്ന് പാലക്കാട് ജില്ല മെഡിക്കൽ ഓഫീസർ കമ്പനി പരിസരത്തെ ജലം കുടിക്കാൻ ഉപയോഗിക്കരുതെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിയതായിരുന്നു. ക




മ്പനിയിൽ നിന്നുള്ള ദൂരം കൂടുന്തോറും കിണറുകളിലെ മലിനീകരണം കുറഞ്ഞും ദൂരം കുറയുന്തോറും മലിനീകരണം കൂടിയും ആണ് കാണുന്നത്.

**നഷ്ടങ്ങളുടെ കണക്ക്**

ആരോഗ്യം, കൃഷി, തൊഴിൽ രംഗങ്ങളിൽ ഗുരുതരമായ നഷ്ടങ്ങളാണ് കോളകമ്പനി പ്ലാച്ചിമടയിൽ സൃഷ്ടിച്ചത്. ജനങ്ങളിൽ ഭൂരിഭാഗവും ഒന്നല്ലെങ്കിൽ മറ്റൊരു അസുഖത്തിന്റെ ഇരകളാണ്. അസാധരണമാംവണ്ണം ഭാരക്കുറവുമായിട്ടാണ് കുഞ്ഞുങ്ങൾ ഇവിടെ പിറക്കുന്നതുപോലും. കൃഷിയാകട്ടെ, പൂന്തൽകൃഷിയുണ്ടായിരുന്നയിവിടെ കമ്പനി വന്നശേഷം ഏറെക്കുറെ തകർന്നു. 1998–99–ൽ ഹെക്ടറിൽ ശരാശരി 3000 കിലോയിൽ കൂടുതൽ നെല്ലുല്പാദിച്ചിരുന്നിടത്ത് 2003–04 ആയപ്പോഴേയ്ക്കും അത് 1389 കിലോ ആയി താഴ്ന്നു. നാളീകേരം, പച്ചക്കറി മുതലായ കൃഷികളും ഇതുപോലെ പ്രതിസന്ധിയിലായി. തൊഴിലിന്റെ കാര്യം പറഞ്ഞാൽ, നാലു വർഷം കൊണ്ട് 436000 തൊഴിൽ ദിനങ്ങളാണ് കോള കമ്പനി പ്ലാച്ചിമടയിൽ നഷ്ടപ്പെടുത്തിയതെന്ന് സമിതി കണ്ടെത്തി.

ഈ നഷ്ടങ്ങളുടെയും ജലമലിനീകരണത്തിന്റെയും സാമ്പത്തിക ബാധ്യത കണക്കാക്കിയപ്പോൾ അതുതന്നെ 216.26 കോടി രൂപയായി. ജലശോഷണത്തിന്റെ നഷ്ടപരിഹാരത്തുക ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യവും ശ്രദ്ധിക്കണം.

**എന്തുകൊണ്ട് കമ്പനി പൂട്ടി?**

സുപ്രീം കോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയും മലിനീകരണ നിയന്ത്രണ ബോർഡും ചേർന്നാണ് പ്ലാച്ചിമടയിലെ കോളകമ്പനി അടപ്പിച്ചത്. എന്നിരിക്കെ നമ്മുടെ വ്യവസായവകുപ്പ് സെക്രട്ടറി ഏറെ തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകൾ നടത്തുന്നത് കോളകമ്പനിയെ സഹായിക്കാനേ ഉതകൂ.

ഖരമാലിന്യം വിഷമുക്തമാക്കാനുള്ള സാങ്കേതിക സംവിധാനം ഏർപ്പെടുത്താൻ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടും അവർ അതിനു തയ്യാറായില്ല. തന്മൂലം പ്രവർത്തനാനുമതി പുതുക്കാനുള്ള കമ്പനിയുടെ അപേക്ഷ 2004 ഫെബ്രുവരിയിൽ ബോർഡ് തിരസ്കരിച്ചു. 2003 ഒക്ടോബറിൽ സുപ്രീം കോടതി ഖരമാലിന്യ വിഷയത്തിൽ പ്രഖ്യാപിച്ച വിധിയുടേയും സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി ബോർഡിനെപ്പറ്റി നടത്തിയ നിശിതമായ വിമർശനത്തിന്റെയും പശ്ചാത്തലത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്താതെ കമ്പനി തുടർന്ന് പ്രവർത്തിക്കാൻ പാടില്ലെന്ന് ബോർഡ് അവരെ അറിയിച്ചത്. സുപ്രീം കോടതി മോണിട്ടറിംഗ് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം പ്ലാച്ചിമടയിലെ ഓരോ വീട്ടിലേയ്ക്കും പൈപ്പിട്ട് കുടിവെള്ളം നൽകാൻ കമ്പനി വിസമ്മതിച്ച കാര്യവും ബോർഡ് എടുത്ത് പറഞ്ഞിരുന്നു.

രാജ്യത്തെ എട്ടു വ്യത്യസ്ഥ നിയമങ്ങൾ കോള കമ്പനി ലംഘിച്ചതായി സമിതി കണ്ടെത്തി. ഈ ലംഘനങ്ങൾക്ക് സമയാസമയങ്ങളിൽ കമ്പനിക്കെതിരെ നടപടിയെടുക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് കഴിഞ്ഞിരുന്നില്ലെന്നത് ഖേദകരമാണ്.

‘മലിനീകരണം നടത്തിയവർ നഷ്ടപരിഹാരം കൊടുക്കുക’ എന്നത് രാജ്യത്തെ നിയമവ്യവസ്ഥയുടെ ഭാഗമായിക്കഴിഞ്ഞിരിക്കുകയാണ്. കേന്ദ്ര വ്യാപാരമന്ത്രി കമൽനാഥിനെ നദിയിൽ ഹോട്ടൽ സമുച്ചയം പണിതതിനു മുതൽ പുഴ മലിനീകരണത്തിന് തമിഴ്നാട്ടിലെ വ്യവസായികളെ ശിക്ഷിച്ചതു വരെയുള്ള കേസുകൾ ഈ തത്ത്വവും ഭരണഘടനയുടെ ജീവിക്കാനുള്ള അവകാശം എന്നറിയപ്പെടുന്ന 21–ാം വകുപ്പും പ്രകാരമായിരുന്നു–നിലവിലുള്ള പരിസ്ഥിതി നിയമങ്ങൾക്കു പുറമെ.

**അഞ്ഞൂറുകോടി നികുതി?**

പ്ലാച്ചിമടയിലെ കമ്പനി വർഷം അഞ്ഞൂറു കോടി രൂപ വീതം നികുതി കൊടുത്തിരുന്നെന്നാണ് ഈയിടെ വ്യവസായ വകുപ്പ് സെക്രട്ടറി പറഞ്ഞത്. കമ്പനിയുടെ സ്വന്തം വക്താക്കൾ പോലും പറയാൻ ഒരുമ്പെടാത്ത കാര്യമാണ് നമ്മുടെ സെക്രട്ടറി പറഞ്ഞിരിക്കുന്നത്. പാലക്കാട്ടെ വിൽപ്പന നികുതി ഓഫീസിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ഈ കമ്പനി ഒരു വർഷം അടച്ച ഏറ്റവും കൂടിയ നികുതി 5 കോടി രൂപയാണ്. പ്ലാച്ചിമടയിൽ മാത്രമല്ല, കമ്പനി കുടിവെള്ളം മുട്ടിച്ചത്. മധുരയ്ക്കടുത്ത് ശിവഗംഗ, വാരണാസിക്കടുത്ത് മെഹ്ദി ഗഞ്ച്, രാജസ്ഥാനിലെ കാലദേര എന്നിവിടങ്ങളിൽ ജനങ്ങൾ ദീർഘനാളായി കമ്പനി അവിടങ്ങളിൽ സൃഷ്ടിച്ച ജലക്ഷാമത്തിനും മലിനീകരണത്തിനും എതിരെ സമരത്തിലാണ്. ഇന്ത്യയ്ക്ക് വെളിയിൽ ബഹുമുഖ സമരങ്ങളാണ് കോള സൃഷ്ടിച്ചിട്ടുള്ളത്. കൊളംബിയയിലെ ഏറ്റവും നീണ്ട ട്രേഡ് യൂണിയൻ സമരം കൊക്കോകോള കമ്പനിക്കെതിരായുള്ളതാണ്.

മെക്സിക്കൻ കടലിടുക്കിൽ ബ്രിട്ടീഷ് പെട്രോളിയം വരുത്തിയ അപകടത്തിന് നഷ്ടപരിഹാരമായി 90000 കോടി രൂപ മുൻകൂറായി കെട്ടിവക്കണമെന്ന് അമേരിക്കൻ സർക്കാർ കമ്പനിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത്തരം സാഹചര്യത്തിൽ പ്ലാച്ചിമടയിലെ ദരിദ്രരാക്കപ്പെട്ട ജനങ്ങൾ കോളാ കമ്പനിയോടു സൗജന്യം കാണിക്കണമെന്ന തരത്തിൽ വ്യവസായവകുപ്പ് സെക്രട്ടറി പറയുന്നത് അസ്വീകാര്യമാണ്. ഭോപ്പാലിൽ യൂണിയൻ കാർബൈഡ് കമ്പനി നടത്തിയ മനുഷ്യക്കുരുതിയെ തുടർന്ന് ഭരണകൂടത്തിന്റെ എല്ലാ ഘടകങ്ങളും ചേർന്ന് ഇരകൾക്ക് നീതി നിഷേധിച്ച അവസ്ഥ കേരളത്തിൽ ആവർത്തിക്കാതിരിക്കണം. അതിനാൽ ട്രിബ്യൂണലിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ട നീക്കം സർക്കാർ നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

***വിദഗ്ദ്ധ അംഗം – പരിസ്ഥിതി ഉന്നതാധികാരസമിതി (പ്ലാച്ചിമട)***
***സൗന്ദര്യ അപ്പാർട്ടുമെന്റ്, നന്ദാവനം, തിരുവനന്തപുരം–33. ഫോൺ: 9497265081***